# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6096 — 02.04.2018- ൽ മറുപടിക്ക്

## വ്യവസായങ്ങൾ ആരംഭിക്കാൻ സഹായപദ്ധതി

**ചോദ്യം** — **ഉത്തരം**

ശ്രീ. എം.രാജഗോപാലൻ

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | |
|---|---|
| പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ചെറുകിട വ്യവസായങ്ങളുൾപ്പെടെയുള്ള വ്യവസായങ്ങൾ ആരംഭിക്കാൻ പ്രത്യേക സഹായപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ? | പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് പ്രത്യേക പദ്ധതികളൊന്നും വ്യവസായ വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ വ്യവസായ സംരംഭകർക്കായി നടപ്പിലാക്കുന്ന പൊതുവായ പദ്ധതികൾ പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>എന്നാൽ, നോർക്ക - റൂട്ട്സ് വഴി, തിരികെ എത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച്, കാർഷികം, കച്ചവടം, ഉൽപ്പാദനം, സേവനം എന്നീ വിവിധ മേഖലകളിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 20 ലക്ഷം രൂപവരെ വായ്പാ അനുവദിക്കുന്ന 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM )'എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ